**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 1565

14.12.2012 ലെ മറുപടിയ്ക്ക്

**മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) മദ്രസ്സ അധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) കേരള മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി പൂർണ്ണമായും പലിശരഹിതമാക്കുകയും പ്രസ്തുത പദ്ധതിക്ക് വേണ്ടി കേരള സർക്കാർ അനുവദിച്ച കോർപ്പസ് ഫണ്ട് കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ നിന്ന് കോഴിക്കോട് സബ് ട്രഷറിയിൽ ആരംഭിച്ച പലിശരഹിത അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുകയും ചെയ്തു. മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കു ന്നതിന്റെ ഭാഗമായി 2012 ജൂൺ മാസത്തിൽ മദ്രസ്സ അദ്ധ്യാപകരെ പ്രതിനിധാനം ചെയ്യുന്ന സംഘടനാ നേതാക്കളുടെ യോഗം വിളിക്കുകയും ക്ഷേമനിധി അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്ന തിനായി നവംബർ 3 മുതൽ ഡിസംബർ 18 വരെ എല്ലാ ജില്ലകളിലും അംഗത്വ വിതരണ ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി മോണിറ്ററിംഗ് കമ്മിറ്റി മദ്രസ്സ അദ്ധ്യാപകരുടെയും തപാൽ വകുപ്പിന്റെയും പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) ഇതിനകം എത്രപേർ ക്ഷേമനിധിയിൽ അംഗങ്ങളായി; എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതു വഴി നൽകുന്നതെന്നും വിശദമാക്കുമോ ? | (ബി) കേരള മദ്രസ്സ അദ്ധ്യാപക ക്ഷേമനിധിയിൽ 2012 ഡിസംബർ 7 വരെ 6008 പേർ അംഗങ്ങളായിട്ടുണ്ട്. തുടർച്ചയായി 5 വർഷം ക്ഷേമനിധി അംഗത്വം നിലനിർത്തുന്ന അംഗങ്ങൾക്കാണ് ക്ഷേമനിധി പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത്. സംസ്ഥാനത്തെ മറ്റു ക്ഷേമനിധിയംഗങ്ങൾക്ക് നൽകുന്ന രീതിയിലുള്ള വിദ്യാഭ്യാസം, ചികിത്സ, ഭവന നിർമ്മാണം, പെൺമക്കളുടെ വിവാഹം എന്നിവക്കുള്ള ധനസഹായം ഈ പദ്ധതി മുഖേന നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ